II. അടിയന്തിരപ്രമേയം

കാസർഗോഡ് ജില്ലയിലെ ഏരിയാലിൽ ഇരുവിഭാഗം ജനങ്ങൾ തമ്മിലുണ്ടായ സംഘർഷം

മി. സ്പീക്കർ: കാസർഗോഡ് ജില്ലയിലെ മൊഗ്രാൽ പുത്തൂർ പഞ്ചായത്തിൽ ഏരിയാലിൽ ഇരുവിഭാഗങ്ങൾ ചേരിതിരിഞ്ഞ് സംഘർഷത്തിൽ ഏർപ്പെട്ടതിനെത്തുടർന്ന് നിരവധി കച്ചവടസ്ഥാപനങ്ങൾ തകർക്കപ്പെടുകയും ബസ്സുകൾ അടക്കം ഒട്ടേറെ 9.30 A.M.] വാഹനങ്ങൾ കത്തിച്ചുകളയുകയും, വീടുകൾക്ക് നേരെ അക്രമങ്ങൾ അഴിച്ചു വിടുകയും ചെയ്തതിനെത്തുടർന്ന് സ്ത്രീകളും കുട്ടികളുമടക്കം അൻപതിലേറെപേർക്ക് സാരമായി പരിക്ക് പറ്റിയിരിക്കുന്നു. കാസർഗോഡ് ജില്ലയിലെ വടക്കൻ മേഖലയിൽ ഇപ്പോഴും നിലനിൽക്കുന്ന സംഘർഷസ്ഥിതിയും അരക്ഷിതാവസ്ഥയും സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. വി. കുഞ്ഞിരാമൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ് പി. സി. ജോർജ്, വി. സി. കബീർ, എ. എ. അസീസ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കാസർഗോഡ് ജില്ലയിലെ പുല്ലൂക്കോരു കോരുവയിൽ ശ്രീ ദുർഗ്ഗാ പരമേശ്വരി ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാചടങ്ങിനോടനുബന്ധിച്ച് നടന്ന ഘോഷയാത്രയിൽ ഉണ്ടായിരുന്നവർ ഏരിയാലിൽ ഒരു മുസ്ലീം പള്ളിക്ക് മുൻവശം വച്ച് പടക്കം പൊട്ടിച്ചതിനെ ചൊല്ലി ഇരുവിഭാഗം ആളുകൾ തമ്മിൽ സംസാരിച്ച് വാക്കുതർക്കം ഉണ്ടായി. തുടർന്ന് ഘോഷയാത്ര അലങ്കോലപ്പെടുകയും, അവർ തമ്മിൽ കല്ലേറ് നടത്തുകയും ചെയ്തു. കല്ലേറിൽ ഘോഷയാത്രയ്ക്ക് അകമ്പടി പോയിരുന്ന കാസർഗോഡ് പോലീസ് സ്റ്റേഷനിലെ അഡീഷണൽ സബ് ഇൻസ്പെക്ടർക്കും ഇരു വിഭാഗങ്ങളിൽപ്പെട്ട 12 പേർക്കും പരിക്കേറ്റു. കണ്ണിനും നെറ്റിക്കും ഗുരുതരമായി പരിക്കേറ്റ അഡീഷണൽ സബ് ഇൻസ്പെക്ടർ മംഗലാപുരം ആശുപത്രിയിൽ ചികിത്സയിലാണ്. തുടർന്ന് ഘോഷയാത്രയിൽ ഉണ്ടായിരുന്നവർ പലചരക്ക് കട തീവച്ച് നശിപ്പിക്കുകയും ഒരു എസ്.ടി.ഡി. ബൂത്തിനു നേരെയും, ഒരു ടെലിഫോൺ എക്സ്ചേഞ്ചിനു നേരെയും കല്ലേറ് നടത്തുകയും കൂടാതെ പരിസരങ്ങളിൽ പാർക്ക് ചെയ്തിരുന്ന സ്കൂട്ടറും മോട്ടോർ സൈക്കിളും തീ വച്ച് നശിപ്പിക്കുകയും ചെയ്തു. മൂന്ന് പ്രൈവറ്റ് ബസ്സുകളുടെ ചില്ലുകൾ എറിഞ്ഞുപൊട്ടിച്ചു. കൂടുതൽ പോലീസ് സ്ഥലത്തെത്തി, സ്ഥിതിഗതികൾ നിയന്ത്രണവിധേയമാക്കി. ഉത്തരമേഖലാ ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ കനത്ത പോലീസ് പാർട്ടി സ്ഥലത്ത് എത്തുകയും അഞ്ച് പോലീസ് പിക്കറ്റ് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു. പ്രതികളെ പിടികൂടുന്നതിനായി രണ്ട് ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിൽ പ്രത്യേകമായ അഞ്ച് പോലീസ് സ്ക്വാഡുകൾ രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്. ഇപ്പോൾ അവിടെ അരക്ഷിതാവസ്ഥയോ, സംഘർഷാവസ്ഥയോ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിശേഷിച്ചും കാസർഗോഡ് ജില്ലയുടെ വടക്കൻ ഭാഗങ്ങളിൽ ഉണ്ടാകുന്ന ആറാമത്തെയോ, ഏഴാമത്തെയോ വർഗ്ഗീയ സംഘർഷമാണിത്. ക്ഷേത്രങ്ങളിലെ ഉൽസവങ്ങളോടനുബന്ധിച്ചും, പള്ളികളിലെ ഉറൂസുകളോടനുബന്ധിച്ചും ആഘോഷവേളകളെ സംഘർഷഭരിതമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഈ രണ്ട് വർഗ്ഗീയ ശക്തികളുടെയും ഭാഗത്തുനിന്ന് ഉണ്ടായതിന്റെ പ്രത്യാഘാതമാണ് ജില്ലയിലെ വടക്കൻ മേഖലകളിലെ ജനങ്ങൾ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഉപ്പളയിലും പരിസര പ്രദേശങ്ങളിലുമെല്ലാം കഴിഞ്ഞ ആറേഴ് മാസം മുമ്പ് ഒരു ക്ഷേത്രോൽസവവുമായി ബന്ധപ്പെട്ട് ഇതുപോലെയുള്ള സംഭവങ്ങൾ ഉണ്ടായി. നിരവധി വാഹനങ്ങൾ ആക്രമിക്കപ്പെടുകയും കടകൾ തീവച്ച് നശിപ്പിക്കപ്പെടുകയും അനിയന്ത്രിതമായ പ്രശ്നങ്ങളിലേക്ക് സംഘർഷസ്ഥിതി കൊണ്ടുപോകുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായി. ആ സംഭവങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ ഇതുപോലുള്ള വളരെ സെൻസിറ്റീവായിട്ടുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്ന പ്രദേശത്ത് ഒരു ഘോഷയാത്രയ്ക്ക് അനുമതി കൊടുക്കുന്ന അവസരത്തിൽ പോലീസ് സ്വീകരിക്കേണ്ടുന്ന യാതൊരു മുൻകരുതലുകളും കൈക്കൊണ്ടില്ല. സമാധാനപരമായി ആ ഘോഷയാത്ര മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ യാതൊരു സംവിധാനങ്ങളും പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ദുർഗ്ഗാ പരമേശ്വരി ക്ഷേത്രത്തിലേക്കുള്ള ഘോഷയാത്ര കടന്നുപോകുന്നത് കാസർഗോഡ് മല്ലികാർജ്ജുന ക്ഷേത്രത്തിൽ നിന്നാണ്. ഈ പ്രദേശങ്ങൾ പലപ്പോഴും സംഘർഷങ്ങൾക്ക് പേരുകേട്ട മേഖല കൂടിയാണ്. എന്നാൽ ആ ഘോഷയാത്രയ്ക്ക് അകമ്പടിയായി പോയത് നാലേ നാല് പോലീസുകാരാണ്. ഘോഷയാത്രയിൽ പടക്കം പൊട്ടിക്കുന്നതുമായിട്ട് ബന്ധപ്പെട്ട പ്രശ്നങ്ങൾ കയ്യാംകളിയിലേക്ക് പോയപ്പോൾ ഒരു എ.എസ്.ഐ.-യുടെ കണ്ണ് നഷ്ടപ്പെട്ടു. കൂടെയുണ്ടായിരുന്ന മൂന്നോ, നാലോ പോലീസുകാർ ആ അവസരത്തിൽ ഓടി രക്ഷപ്പെട്ടതാണ്. 22-ാം തീയതി രാത്രി ഒമ്പതു മണിക്ക് ആരംഭിക്കുന്ന കലാപം പിറ്റേ നാളിൽ ഉച്ചവരെ തുടർന്നപ്പോഴും അത് നിയന്ത്രിക്കുന്നതിന് ആവശ്യമായ യാതൊരു സംവിധാനവും പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. അവിടെ പോലീസ് പൂർണ്ണമായും ഈ ഭൂരിപക്ഷ, ന്യൂനപക്ഷ വർഗ്ഗീയതയുടെ വക്താക്കൾക്ക് കീഴടങ്ങുന്ന നിലയിലാണ് സമീപനങ്ങൾ സ്വീകരിക്കുന്നത്. അവസാനം സ്ട്രൈക്കിംഗ് ഫോഴ്സ് എന്ന നിലയിൽ ആ ജില്ലക്ക് പുറത്തുള്ള പോലീസ് രംഗത്തുവരികയും ജില്ലയിലെ പോലീസ് സംവിധാനത്തെ മുഴുവൻ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റിനിർത്തി കലാപം അടിച്ചമർത്താൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതിനുശേഷമാണ് അവിടെ സമാധാനപരമായ ഒരന്തരീക്ഷത്തിലേക്ക് കാര്യങ്ങൾ വന്നത്. പോലീസ് ഇന്റലിജൻസ് വിഭാഗം ഇങ്ങനെ ഒരു പ്രശ്നം ഉണ്ടാകുമെന്ന് മുൻകൂട്ടി കാണേണ്ടതല്ലേ? ഇന്റലിജൻസ് വിംഗും സ്പെഷ്യൽ ബ്രാഞ്ച് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഇതിനെ സംബന്ധിച്ച് യാതൊരു തരത്തിലുള്ള മുന്നറിയിപ്പും പോലീസിന്റെ ഉന്നത സ്ഥാനീയർക്ക് കൊടുക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കിയില്ല. സ്പെഷ്യൽ

ബ്രാഞ്ച് പൂർണ്ണമായും പരാജയപ്പെട്ട കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഏരിയാലിലും പരിസര പ്രദേശങ്ങളിലും നിരവധി വാഹനങ്ങൾക്ക് കേടുപാട് പറ്റിയെങ്കിലും ഭാഗ്യംകൊണ്ട് ആളപായം ഉണ്ടായില്ല. ബസ്സിന് തീ വയ്ക്കാൻ ശ്രമിക്കുന്നതിനിടയിൽ ആളുകൾ ഇറങ്ങി ഓടിയതുകാരണം ആളപായം ഒഴിവായി. വീടുകൾ കൊള്ളയടിക്കാനും , കോഴി ഷെഡ്ഡ് നശിപ്പിക്കാനും, സൈക്കിൾ ഷോപ്പ് നശിപ്പിക്കാനും, നിരവധി കച്ചവട സ്ഥാപനങ്ങൾ നശിപ്പിക്കാനുമെല്ലാം ഉള്ള ശ്രമങ്ങൾ നടന്നു. അക്രമികളെ സംരക്ഷിക്കാനാവശ്യമായ ശ്രമങ്ങളാണ് പലപ്പോഴും അധികൃതരുടെ ഭാഗത്തുനിന്നുണ്ടായത് എന്നു പറയാതിരിക്കാൻ കഴിയില്ല. ഇതിനുമുമ്പുണ്ടായ സംഘർഷ സ്ഥിതികളൊക്കെ പരിശോധിക്കണം. അതുകഴിഞ്ഞതിനുശേഷം ഇവരെ സംരക്ഷിക്കാൻ ബി.ജെ.പി. രംഗത്ത് വരും. അതു പോലെതന്നെ വിശ്വഹിന്ദു പരിഷത്തിന്റെ, ബജ്റംഗ്ദളിന്റെയൊക്കെ പ്രവർത്തനങ്ങൾ നിയന്ത്രണമില്ലാത്ത നിലയിൽ ഈ പ്രദേശങ്ങളിൽ വർദ്ധിച്ചുവരികയാണ്. എൻ.ഡി.എഫ്.-ന്റെ പ്രവർത്തനങ്ങൾക്ക് മുസ്ലീം ലീഗിന്റെ ഉൾപ്പെടെയുള്ള സഹായങ്ങൾ വർദ്ധിച്ചുവരികയും ചെയ്യുകയാണ്. ഒരു കലാപം ഉണ്ടായാൽ ആ കലാപത്തിനുശേഷം ഉണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു കൂടിയാലോചന നടത്തും. എന്നിട്ട് രണ്ടു കൂട്ടരും പറയും ഞങ്ങൾ സമാധാനം ഉണ്ടാക്കുകയാണ്, ഇനി പ്രശ്നങ്ങൾ ഉണ്ടാകില്ല, പിന്നീട് കേസും ഉണ്ടാകില്ല. ഈ കലാപത്തിന് നേതൃത്വം കൊടുത്ത ആളുകൾക്കെതിരായി യാതൊരുവിധത്തിലുള്ള നടപടികളും ഉണ്ടാകില്ല. അതുകഴിഞ്ഞ് ഉണ്ടാകുന്നതെന്താ? പിന്നീടുള്ള ഒരു ഇടക്കാലഘട്ടം ഇതിനേക്കാളും സൂക്ഷ്മമായ വർഗ്ഗീയ സംഘർഷങ്ങൾക്ക് കോപ്പ് കൂട്ടുന്നതിനുവേണ്ടി, ആയുധം മിനുക്കുന്നതിനുവേണ്ടിയുള്ള അവസരങ്ങളായിട്ട് ന്യൂനപക്ഷ, ഭൂരിപക്ഷ വർഗ്ഗീയതയ്ക്ക് വേണ്ടി നിൽക്കുന്ന ക്രിമിനലുകൾ ഈ ഇടവേളകളെ ഉപയോഗപ്പെടുത്തുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുക. ആ ഇടവേളയാണ് ഈ ഏരിയാലിലും പരിസര പ്രദേശങ്ങളിലും ഇത്രയും ഭീകരമായ അക്രമങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഉണ്ടാക്കിയത്. പത്രങ്ങൾ എല്ലാം എഴുതി, അവിടത്തെ ആളുകളല്ല, പുറമേ നിന്ന് വന്നിട്ടുള്ള പരിശീലനം സിദ്ധിച്ച ആളുകളാണ് ക്രിമിനലുകൾക്ക് നേതൃത്വം കൊടുക്കുകയും കലാപങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ സംവിധാനങ്ങൾ പൂർണ്ണമായും ഉണ്ടാക്കുകയും ചെയ്തത് എന്ന്. വർഗ്ഗീയ സംഘർഷങ്ങൾ ഇതിനുമുമ്പ് ചന്ദ്രഗിരി പുഴക്ക് വടക്കുമാത്രം ഉള്ള ഒരു പ്രതിഭാസമായിരുന്നു. ഈ ഹർത്താലോടുകൂടി അത് ഉദുമ മണ്ഡലത്തിലെ ചില ഭാഗങ്ങളിലേക്കുകൂടി വന്നു. മാവുംകാല്, ചേറ്റുകുണ്ട്, പരവനടുക്കം, ദേളി തുടങ്ങിയ പ്രദേശങ്ങളിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടായി. പോലീസ്, അക്രമങ്ങൾ തടയാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയല്ല ചെയ്തത്. കാഞ്ഞങ്ങാട് പട്ടണത്തിൽ പട്ടാപ്പകൽ സുരേന്ദ്രൻ എന്ന ചെറുപ്പക്കാരനായ ഒരു ചുമട്ടുതൊഴിലാളിയുടെ നെഞ്ചത്ത് കുന്തം കുത്തിയിറക്കി കൊന്ന ക്രിമിനലുകൾ അവിടെ ഇപ്പോഴും വിലസുന്ന സ്ഥലമാണ്. അവിടെ പോലീസിന്റെ വിലക്ക് ലംഘിച്ചിട്ട് ആർ.എസ്.എസ്.-ന്റെയും, ബി.ജെ.പി.-യുടേയും ആളുകൾ പ്രകടനം നടത്തി. പോലീസ് കാഴ്ചക്കാരായി നിന്നും മാതൃഭൂമി പത്രം തന്നെ എഴുതി. അവസാനം പോലീസുകാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രകടനക്കാർക്ക് കൊടുത്ത ഉറപ്പ് എന്തായിരുന്നു? എവിടെയൊക്കെ വാഹനങ്ങൾ ഓടുന്നുണ്ടോ, അതെല്ലാം നിർത്തലാക്കാനാവശ്യമായ, എവിടെയൊക്കെ കടകൾ തുറന്നിരിക്കുന്നുണ്ടോ അതെല്ലാം അടപ്പിക്കാൻ ആവശ്യമായ സഹായങ്ങൾ ഞങ്ങൾ, പോലീസുകാർ നേരിട്ട് പോയി ചെയ്യും, നിങ്ങൾ രംഗത്ത് ഇറങ്ങരുത്, നിങ്ങൾ ഇറങ്ങി കുഴപ്പം ഉണ്ടാക്കരുത് എന്ന് പോലീസ് താണുവണങ്ങി അവരോട് അഭ്യർത്ഥിച്ചപ്പോഴാണ് അവർക്ക് പിരിഞ്ഞു പോകാൻ മനസ്സുണ്ടായത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഹർത്താലിന് ആഹ്വാനം ചെയ്താൽ പാലൊളി മുഹമ്മദ്കുട്ടിയുടെ പേരിൽ 14 കേസ്, ബി.ജെ.പി.-യും അതുപോലെ മുസ്ലീം വർഗ്ഗീയ പ്രസ്ഥാനവും ഹർത്താലിനാഹ്വാനം ചെയ്താൽ അവർക്കെതിരെ കേസില്ല. അവർക്ക് എന്തും നടത്താം. പൊതുമുതൽ നശിപ്പിച്ചാൽ ആരും അവരെ ചോദ്യം ചെയ്യാനോ അവർക്കെതിരായിട്ട് എന്തെങ്കിലും നടപടി എടുക്കാനോ പോകുന്നില്ല. ഇതിന്റെ ഭാഗമായിട്ടും പൊതുമുതൽ നശിപ്പിക്കപ്പെട്ടു. കെ.എസ്.ആർ.ടി.സി. ബസ്സുകൾ കല്ലെറിഞ്ഞ് തകർക്കപ്പെട്ടു. ടെലിഫോൺ എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ ആക്രമിക്കപ്പെട്ടു. എന്നിട്ട് പോലീസ് ആവശ്യമായ നടപടി എടുക്കാൻ യാതൊരു സംവിധാനവും ഉണ്ടാക്കിയില്ല. കാസർഗോഡ് ജില്ലയിലെ പോലീസ് സംവിധാനം മുഴുവൻ, കാസർഗോഡ് പോലീസ് സ്റ്റേഷൻ ഭരിക്കുന്നത് പൂർണ്ണമായിട്ടും ബി.ജെ.പി.-യും മുസ്ലീംലീഗുമാണ്. അതുപോലെ തന്നെ ആ മേഖലയിലെ കള്ളുകച്ചവടത്തിനു കൂട്ടുനിൽക്കുന്നു. അതിന്റെ ഭാഗമായി കിട്ടുന്ന പണത്തിന്റെ പങ്കും പറ്റിയിട്ടാണ് കാസർഗോഡ് പോലീസ് പലപ്പോഴും വർഗ്ഗീയ ശക്തികൾക്കുമുന്നിൽ കീഴടങ്ങുന്നത്. തികഞ്ഞ അരക്ഷിതാവസ്ഥ കാസർഗോഡ് ജില്ലയ്ക്കകത്ത് പൂർണ്ണമായി നിലനിൽക്കുകയാണ്. ഈ നിലയിൽ കാര്യങ്ങൾ മുന്നോട്ടു പോയാൽ മാറാട് ഒക്കെ ഉണ്ടായതുപോലെയുള്ള കൂട്ടക്കൊലയ്ക്ക് ഒന്നോ രണ്ടോ മാസക്കാലത്തിനുള്ളിൽ സാക്ഷ്യം വഹിക്കേണ്ടിവരും എന്നുള്ള നിലയിലാണ് പ്രശ്നങ്ങൾ കാസർഗോഡ് ജില്ലയുടെ വടക്കൻ ഭാഗങ്ങളിൽ ഉണ്ടാകുന്നത്. പോലീസിനെ പരമാവധി ശക്തിപ്പെടുത്തി മതനിരപേക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ പൂർണ്ണമായ സഹായത്തോടെ ഈ അരക്ഷിതാവസ്ഥ പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാക്കുന്നതിനുവേണ്ടി സർക്കാർ മുൻകൈ എടുക്കണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം എന്നാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം അവിടെ നേരത്തെ ഉണ്ടായിതുടങ്ങിയതാണ്. പോലീസ് അതിശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാതെ പെട്ടെന്നുതന്നെ അക്രമം അടിച്ചമർത്താൻ കഴിഞ്ഞു എന്ന് പോലീസിനെ കുറ്റപ്പെടുത്തുന്നതിന്റെ കൂടെതന്നെ ബഹുമാനപ്പെട്ട മെമ്പർതന്നെ സൂചിപ്പിച്ചതാണ്. കാസർഗോഡ് ജില്ലയിൽ പോലീസിന്റെ ചില പ്രശ്നങ്ങൾ ഉണ്ട്, ശരിയാണ്. കാരണം ജില്ല രൂപീകരിച്ചതിനുശേഷം ഇന്നുവരെ അവിടത്തെ എ.ആർ. ക്യാമ്പിലേക്ക് പുതുതായിട്ട് പോലീസിനെ കൊടുത്തിട്ടില്ല. പോലീസിന്റെ സ്ട്രെംഗ്ത്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും കുറഞ്ഞ ജില്ലയാണ്. അവിടെ എ.ആർ. ക്യാമ്പിലേക്ക് കൂടുതലായി പോലീസിനെ നിയമിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അത് ഏറ്റവും കൂടുതൽ പ്രശ്നം ഉണ്ടായ ഒരു സ്ഥലമാണ്. കഴിഞ്ഞ ആറേഴ് വർഷമായി സ്ഥിരമായി എല്ലാ കാലഘട്ടത്തിലും കാസർഗോഡ് ജില്ലയിലെ ഭരണാധികാരികൾ ആവശ്യപ്പെട്ടിട്ടും ഇതുവരെ നമുക്ക് പോലീസിന്റെ സ്ട്രെംഗ്ത് കൂട്ടിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഏതായാലും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നതുകൊണ്ട് കാസർഗോഡ് എ.ആർ. ക്യാമ്പിന്റെ സ്ട്രെംഗ്ത് വർദ്ധിപ്പിക്കാൻ തന്നെയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അവിടെ ഈ പ്രശ്നങ്ങൾ ഒറ്റപ്പെട്ട നിലയിൽ ഉണ്ടാകുന്നതല്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചപ്പോൾ ഉപ്പള മുതൽ കാസർഗോഡ് വരെയുള്ള പ്രദേശത്ത് ഹിസ്റ്റോറിക്കലായിട്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന് പറഞ്ഞു. അത് നിർഭാഗ്യകരമാണ്. ഉപ്പളയിൽ ഏതെങ്കിലും ബസ്സുകാർ തമ്മിൽ തർക്കം ഉണ്ടായാൽ, കാസർഗോഡ് തർക്കം വ്യാപിക്കുകയാണ്. ഇത് പത്തിരുപത് വർഷമായിട്ടുള്ള ചരിത്ര പരമായ പ്രശ്നമായി അവശേഷിക്കുകയാണ്. നമ്മുടെ രാഷ്ട്രീയ കക്ഷികളും ഗവൺമെന്റും കൂടിയാലോചിച്ച് പരിഹാരമുണ്ടാക്കാനുള്ള നടപടി ആരംഭിച്ചേ പറ്റുകയുള്ളൂ. ഏതായാലും ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവമായി കൈകാര്യം ചെയ്യണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഈ സംഭവമുണ്ടായി കുറേ മണിക്കൂറുകൾക്കുശേഷം, ശ്രീ. സി. ടി. അഹമ്മദ് അലി എം.എൽ.എ.-യാണ് എന്നെ വിളിച്ച് വിവരം അറിയിച്ചത്. ഉടനെതന്നെ പോലീസിന് ഡയറക്ഷൻ കൊടുത്തു, മൂന്ന് കമ്പനി പോലീസിനെ പ്രത്യേകമായിട്ട് സ്പീഡായിട്ട് അങ്ങോട്ട് അയയ്ക്കുകയും മുഖം നോക്കാതെ അക്രമികൾ ആരാണെങ്കിലും നിർദ്ദാക്ഷിണ്യം അടിച്ചമർത്താൻ നിർദ്ദേശം കൊടുക്കുകയുമാണ് ചെയ്തത്. അടിച്ചമർത്തിയെന്ന് താങ്കൾ തന്നെ സമ്മതിക്കുകയുണ്ടായി. കാസർഗോഡ് അനിഷ്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് 13 കേസുകൾ എടുത്തിട്ടുണ്ട്. സി.ആർ.പി.സി. 17 വകുപ്പുപ്രകാരം 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 42 ആൾക്കാരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ബാക്കി അക്രമത്തിൽ നേരിട്ട് പങ്കെടുത്തവരേയും സഹായിച്ചവരേയും അറസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സന്തോഷകരമായ ഒരു കാര്യം, ഈ സംഭവം ഉണ്ടായതിനു ശേഷം അവിടുത്തെ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികൾ വളരെ പോസിറ്റീവ് ആയിട്ടുള്ള നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ഈ അക്രമം നിയന്ത്രിക്കാനും പടർന്ന് പിടിക്കാതിരിക്കാനും സഹായകരമായ നിലപാടാണ് ആ പ്രദേശത്തെ പ്രധാന കക്ഷികളെല്ലാം സ്വീകരിച്ചത്. പ്രതിപക്ഷ കക്ഷികളും അക്കാര്യത്തിൽ സഹായകരമായ നിലപാട് സ്വീകരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. അതിനെത്തുടർന്ന് സമാധാന സമ്മേളനം നടത്താൻ നിർദ്ദേശമുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 21-1-2004-ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വൈകുന്നേരം കാസർഗോഡ് താലൂക്ക് ഓഫീസിൽ വച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സമാധാന സമ്മേളനം വിളിച്ചുകൂട്ടി. എല്ലാ രാഷ്ട്രീയ കക്ഷികളുടേയും പ്രാദേശിക നേതാക്കൻമാർ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ സംഭവ സ്ഥലത്തും പരിസരത്തും സമാധാനം നിലനിർത്തുന്നതിനായി 30-1-2004-ൽ ഉപവാസം നടത്തുന്നതിനും സമാധാനം നിലനിർത്തുന്നതിന് ശ്രദ്ധിക്കുകയും ചെയ്തിട്ടുള്ളതാണ്. അവിടെ ഒരു ഭാഗത്ത് സമാധാനത്തിനുള്ള ശ്രമങ്ങൾ നടക്കുകയും മറുഭാഗത്ത് അക്രമം നടത്തിയവർ ആരായാലും അവരെ മുഖം നോക്കാതെ കർശനമായി കൈകാര്യം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അവിടെ ശാശ്വതമായി സമാധാനം നിലനിർത്തുന്നതിനുവേണ്ടി എല്ലാ പേരും സഹകരിക്കണം. ഇപ്പോൾ അവിടെ പ്രത്യേക പ്രശ്നങ്ങൾ ഒന്നും ഇല്ലാത്ത സാഹചര്യത്തിൽ സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം അടിയന്തിരമായി ചർച്ച ചെയ്യേണ്ട കാര്യമില്ല. പക്ഷെ അവിടെയുണ്ടായ ഈ പ്രശ്നത്തിന്റെ ഗൗരവമായ സ്ഥിതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അങ്ങ് ഇവിടെ ഈ വിഷയം അവതരിപ്പിച്ചത് ഉചിതമായി. അവതരിപ്പിക്കേണ്ടുന്ന മെമ്പർ ട്രെയിനിൽ ആണ്. ഇന്ന് വെളുപ്പിന് എന്നെ വിളിച്ചിരുന്നു. അദ്ദേഹത്തിന് ട്രെയിൻ കിട്ടിയില്ല. സമാധാന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹത്തിന് ഫസ്റ്റ് ട്രെയിനിൽ എത്താൻ പറ്റിയില്ല. സമാധാനം ഉണ്ടാക്കാനുള്ള ശ്രമത്തിനിടയിൽ ഒരു ദിവസം മുഴുവൻ ഉറക്കമില്ലാതെ അദ്ദേഹം പണിയെടുക്കുകയും—അദ്ദേഹം പൊതുവേ സമാധാനപ്രിയനാണല്ലോ, സെക്കന്റ് ട്രെയിനിനാണ് അദ്ദേഹം യാത്ര തിരിച്ചത്. അദ്ദേഹത്തിന് എത്താൻ പറ്റിയില്ല. ആ കുറവ് ബഹുമാനപ്പെട്ട ശ്രീ. കെ. വി. കുഞ്ഞിരാമൻ തന്നെ ഏറ്റെടുത്ത് ഈ പ്രശ്നം അവതരിപ്പിച്ചത് നന്നായി. ഇപ്പോൾ അവിടെ പ്രശ്നങ്ങളൊന്നുമില്ല. ശ്രീ. സി. ടി. അഹമ്മദ് അലി സബ്മിഷൻ കൊണ്ടുവരുമായിരുന്നു. ആ കുറവ് ബഹുമാനപ്പെട്ട മെമ്പർ ഏറ്റെടുത്തതിൽ സന്തോഷമേയുള്ളൂ. ഇപ്പോൾ അവിടെ കാര്യങ്ങൾ ശാന്തമാണ്. നമുക്ക് ഇനി കൂടുതൽ സമാധാനം ഉണ്ടാക്കാൻ ശ്രമിക്കാം, ഈ സാഹചര്യത്തിൽ ഇപ്പോൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയം അവതരിപ്പിച്ച ശ്രീ. കെ. വി. കുഞ്ഞിരാമൻ തന്നെ സ്ഥിതിഗതികൾ ഇപ്പോൾ സമാധാനമാണ് എന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഗവൺമെന്റ് കരുതുന്നില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)